ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ആക്റ്റ്, 2008

(2008-ലെ 33-ാം നമ്പർ ആക്റ്റ്)

**(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)**

# UNORGANISED WORKERS' SOCIAL SECURITY ACT, 2008

**(ACT No. 33 OF 2008)**

**(As on 15th February, 2013)**

വില : 35 രൂപ.

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് 2021.

# അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ആക്റ്റ്, 2008

(2008-ലെ 33-ാം നമ്പർ ആക്റ്റ്)

**(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)**

# UNORGANISED WORKERS' SOCIAL SECURITY ACT, 2008

(ACT No. 33 OF 2008)

(As on 15th February, 2013)

## ആമുഖം

2013 ഫെബ്രുവരി മാസം 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ആക്റ്റ്, 2008 (2008-ലെ 33-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 4-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, I-ാം വാല്യം, 4-ാം നമ്പരായി 1 മുതൽ 13 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**പി. കെ. മൽഹോത്ര,**
*ഭാരതസർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Unorganised Workers' Social Security Act, 2008 (Act No. 33 of 2008) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 4 dated 4th April, 2013 on pages 1 to 13.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,
*Secretary to the Government of India.*

അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ആക്റ്റ്, 2008
(2008-ലെ 33-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

### പ്രാരംഭികം

*വകുപ്പുകൾ* *പേജ്*


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ....... 1
2. നിർവ്വചനങ്ങൾ ....... 1


അദ്ധ്യായം II

### സാമൂഹ്യസുരക്ഷിതത്വ ആനുകൂല്യങ്ങൾ


3. പദ്ധതി രൂപീകരിക്കൽ ....... 3
4. കേന്ദ്രസർക്കാർ പദ്ധതികൾക്ക് ധനസഹായം നൽകുന്നത് ....... 3


അദ്ധ്യായം III

### അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ദേശീയ സാമൂഹ്യസുരക്ഷിതത്വ ബോർഡ്


5. ദേശീയ സാമൂഹ്യസുരക്ഷിതത്വ ബോർഡ് ....... 4


അദ്ധ്യായം IV

### അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള സംസ്ഥാന സാമൂഹ്യസുരക്ഷിതത്വ ബോർഡ്


6. സംസ്ഥാന സാമൂഹ്യസുരക്ഷിതത്വ ബോർഡ് ....... 6
7. സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ധനസഹായം നൽകുന്നത് ....... 7
8. ജില്ലാ ഭരണകൂടത്തിന്റെ റിക്കാർഡ് സൂക്ഷിപ്പ് ....... 8
9. തൊഴിലാളി സഹായ കേന്ദ്രങ്ങൾ ....... 8


അദ്ധ്യായം V

### രജിസ്ട്രേഷൻ


10. രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹതയും സാമൂഹ്യസുരക്ഷിതത്വ ആനുകൂല്യങ്ങളും ....... 8

അദ്ധ്യായം VI

പലവക


| | | | |
|---|---|---|---|
| 11. | നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരം | ....... | 9 |
| 12. | ഒഴിവുകൾ മുതലായവ നടപടികളെ അസാധുവാക്കുന്നില്ലെന്ന് | ....... | 9 |
| 13. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്ര സർക്കാരിനുള്ള അധികാരം | ....... | 9 |
| 14. | ചട്ടങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം | ....... | 10 |
| 15. | ചട്ടങ്ങൾ വയ്ക്കണമെന്ന് | ....... | 11 |
| 16. | ചില നിയമങ്ങൾക്ക് സംരക്ഷണം | ....... | 11 |
| 17. | വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം | ....... | 11 |
| | പട്ടിക I | ....... | 12 |
| | പട്ടിക II | ....... | 13 |

# അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ആക്റ്റ്, 2008

(2008-ലെ 33-ാം നമ്പർ ആക്റ്റ്)

അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വത്തിനും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് സംഗതികൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്റ്റിന് അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ആക്റ്റ്, 2008 എന്ന് പേര് പറയാവുന്നതാണ്. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— *നിർവ്വചനങ്ങൾ.*

(ക) "തൊഴിലുടമ" എന്നാൽ ഒരു അസംഘടിത തൊഴിലാളിയെ വേതനത്തിനായി നേരിട്ടോ മറ്റു വിധത്തിലോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്തിട്ടുള്ള ഒരു വ്യക്തിയോ വ്യക്തികളുടെ ഒരു സമാജമോ എന്നർത്ഥമാകുന്നു;

(ഖ) "ഗൃഹാധിഷ്ഠിത തൊഴിലാളി" എന്നാൽ തൊഴിലുടമയ്ക്കു വേണ്ടി അയാളുടെയോ അവളുടെയോ വീട്ടിലോ, തൊഴിലുടമയുടെ പണിസ്ഥലം അല്ലാതെ അയാളുടെയോ അവളുടെയോ ഇച്ഛാനുസരണമുള്ള മറ്റു പരിസരങ്ങളിലോ തൊഴിലുടമ ഉപകരണമോ സാമഗ്രികളോ മറ്റു നിവേശങ്ങളോ നൽകുന്നുണ്ടെന്നോ ഇല്ലെന്നോ ഗണിക്കാതെ, വേതനത്തിനായി, സാധനങ്ങളുടെ ഉൽപ്പാദനത്തിലോ സേവനങ്ങളിലോ ഏർപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു;

(ഗ) "തിരിച്ചറിയൽ കാർഡ്" എന്നാൽ 10-ാം വകുപ്പ് (3)-ാം ഉപ വകുപ്പുപ്രകാരം ജില്ലാ ഭരണകൂടം ഒരു അസംഘടിത തൊഴിലാളിക്ക് നൽകിയിട്ടുള്ള കാർഡോ പ്രമാണമോ സാക്ഷ്യപത്രമോ എന്നർത്ഥമാകുന്നു;

(ഘ) "ദേശീയ ബോർഡ്" എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ദേശീയ സാമൂഹ്യസുരക്ഷിതത്വ ബോർഡ് എന്നർത്ഥമാകുന്നു;

(ങ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ച) "സംഘടിത മേഖല" എന്നാൽ അസംഘടിത മേഖലയല്ലാത്ത ഒരു സംരംഭം എന്നർത്ഥമാകുന്നു;

(ഛ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ കേന്ദ്രസർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ, അതതു സംഗതിപോലെ, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജ) "രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി" എന്നാൽ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു അസംഘടിത തൊഴിലാളി എന്നർത്ഥമാകുന്നു;

(ഝ) "പട്ടിക" എന്നാൽ ഈ ആക്റ്റിനോടനുബന്ധമായിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഞ) "സംസ്ഥാന ബോർഡ്" എന്നാൽ 6-ാം വകുപ്പ് (1)-ാം ഉപ വകുപ്പ്പ്രകാരം അസംഘടിത തൊഴിലാളികൾക്കു വേണ്ടി രൂപീകരിച്ചിട്ടുള്ള (സംസ്ഥാനത്തിന്റെ പേര്) സംസ്ഥാന സാമൂഹ്യസുരക്ഷിതത്വ ബോർഡ് എന്നർത്ഥമാകുന്നു;

(ട) "സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളി" എന്നാൽ ഒരു തൊഴിലുടമയാൽ നിയോജിക്കപ്പെടാത്ത, എന്നാൽ കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യാവുന്ന പ്രതിമാസ സമ്പാദ്യത്തിന്റെ തുകയ്ക്കു വിധേയമായി അസംഘടിത മേഖലയിൽ ഏതെങ്കിലും തൊഴിലിൽ സ്വയം ഏർപ്പെട്ടിട്ടുള്ളതോ സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള പരമാവധി പരിധിക്കു വിധേയമായി കൃഷിയോഗ്യമായ ഭൂമി കൈവശ മുള്ളതോ ആയ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ഠ) "അസംഘടിത മേഖല" എന്നാൽ വ്യക്തികളുടേയോ സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടേയോ ഉടമസ്ഥതയിലുള്ളതും സാധനങ്ങളുടെ ഉൽപ്പാദനത്തിലോ വിൽപ്പനയിലോ അഥവാ ഏതെങ്കിലും തരത്തിലുള്ള സേവനം, അത് എന്തുതന്നെയായാലും, നൽകുന്നതിലോ ഏർപ്പെട്ടിട്ടുള്ളതും സംരംഭം തൊഴിലാളികളെ നിയോഗിക്കുന്നിടത്ത്, അങ്ങ നെയുള്ള തൊഴിലാളികളുടെ എണ്ണം പത്തിൽ കുറവായിരിക്കുന്നതുമായ ഒരു സംരംഭം എന്നർത്ഥമാകുന്നു;

(ഡ) "അസംഘടിത തൊഴിലാളി" എന്നാൽ അസംഘടിത മേഖലയിലെ ഒരു ഗൃഹാധിഷ്ഠിത തൊഴിലാളിയോ സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളിയോ ഒരു കൂലിത്തൊഴിലാളിയോ എന്നർത്ഥ മാകുന്നതും ഈ ആക്ടിന്റെ II-ാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഏതെ ങ്കിലും ആക്റ്റുകളിൽ ഉൾക്കൊണ്ടിട്ടില്ലാത്ത അസംഘടിത മേഖലയിലെ ഒരു തൊഴിലാളി ഉൾപ്പെടുന്നതുമാകുന്നു;

(ഢ) "കൂലിത്തൊഴിലാളി" എന്നാൽ കേന്ദ്രസർക്കാരോ, സംസ്ഥാനസർക്കാരോ, അതതുസംഗതിപോലെ, വിജ്ഞാപനം ചെയ്യാവുന്ന ഒരു തുകയ്ക്കുള്ള മാസക്കൂലിയോടുകൂടിയ ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെ കുടുംബങ്ങളാൽ നിയോജിക്കപ്പെട്ട തൊഴിലാളികളോ ഒരു തൊഴിലുടമ നേരിട്ടോ ഏതെങ്കിലും കരാറുകാരൻ മുഖേനയോ, ജോലിസ്ഥലം പരിഗണിക്കാതെ, ഒരു തൊഴിമുടമയ്ക്ക് മാത്രമായോ ഒന്നോ അതിൽ കൂടുതൽ തൊഴിലുടമകൾക്കായോ, ഒരു ഗൃഹാധിഷ്ഠിത തൊഴിലാളിയായോ ഒരു താൽക്കാലിക അല്ലെങ്കിൽ കാഷ്വൽ തൊഴിലാളി യായോ ഒരു കുടിയേറ്റ തൊഴിലാളിയായോ അസംഘടിത മേഖലയിൽ പണമായോ സാധനമായോ വേതനത്തിനായി നിയോഗിക്കപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സാമൂഹ്യസുരക്ഷിതത്വ ആനുകൂല്യങ്ങൾ

*പദ്ധതി രൂപീകരിക്കൽ.*

3. (1) കേന്ദ്ര സർക്കാർ,—

(ക) ജീവനും അവശതയ്ക്കുമായുള്ള പരിരക്ഷ;

(ഖ) ആരോഗ്യവും പ്രസവാനുകൂല്യങ്ങളും;

(ഗ) വാർദ്ധക്യകാല സംരക്ഷണം;

(ഘ) കേന്ദ്രസർക്കാരിന് നിശ്ചയിക്കാവുന്ന മറ്റേതെങ്കിലും ആനുകൂല്യം,

എന്നിവയുമായി ബന്ധപ്പെട്ട സംഗതികളിൽ കാലാകാലങ്ങളിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ക്ഷേമപദ്ധതികൾ രൂപീകരിക്കേണ്ടതും വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(2) ഈ ആക്റ്റിന്റെ I-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ക്ഷേമപദ്ധതികളായി കരുതപ്പെടേണ്ടതാണ്.

(3) കേന്ദ്രസർക്കാരിന് ഈ ആക്റ്റിന് അനുബന്ധമായുള്ള പട്ടികകൾ വിജ്ഞാപനം വഴി ഭേദഗതി ചെയ്യാവുന്നതാണ്.

(4) സംസ്ഥാനസർക്കാരിന്,—

(ക) പ്രോവിഡന്റ് ഫണ്ട്;

(ഖ) തൊഴിൽക്ഷത ആനുകൂല്യം;

(ഗ) ഭവനനിർമ്മാണം;

(ഘ) കുട്ടികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പദ്ധതികൾ;

(ങ) തൊഴിലാളികളുടെ നൈപുണ്യം ഉയർത്തൽ;

(ച) ശവസംസ്ക്കാരത്തിനുള്ള സഹായം; കൂടാതെ

(ഛ) വൃദ്ധസദനങ്ങൾ,

എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കാലാകാലങ്ങളിൽ അനുയോജ്യമായ ക്ഷേമപദ്ധതികൾ രൂപവൽക്കരിക്കാവുന്നതും വിജ്ഞാപനം ചെയ്യാവുന്നതുമാണ്.

*കേന്ദ്രസർക്കാർ പദ്ധതികൾക്ക് ധനസഹായം നൽകുന്നത്.*

4. (1) കേന്ദ്രസർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടുന്ന ഏതെങ്കിലും പദ്ധതി—

(i) കേന്ദ്രസർക്കാർ മുഴുവനായും ധനസഹായം നൽകുന്നതോ;

(ii) ഭാഗികമായി കേന്ദ്രസർക്കാർ ധനസഹായം നൽകുന്നതോ ഭാഗികമായി സംസ്ഥാനസർക്കാർ ധനസഹായം നൽകുന്നതോ;

(iii) ഭാഗികമായി കേന്ദ്രസർക്കാർ ധനസഹായം നൽകുന്നതും ഭാഗികമായി സംസ്ഥാനസർക്കാർ ധനസഹായം നൽകുന്നതും കേന്ദ്രസർക്കാരിനാൽ പദ്ധതിയിൽ നിർണ്ണയിക്കപ്പെടാവുന്ന പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നോ തൊഴിലുടമയിൽ നിന്നോ സമാഹരിച്ച അംശദായങ്ങൾ മുഖേന ഭാഗികമായി ധനസഹായം ലഭിക്കുന്നതോ,

ആകാവുന്നതാണ്.

(2) കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഏതൊരു പദ്ധതിയും—

(i) പദ്ധതിയുടെ പരിധി;

(ii) പദ്ധതിയുടെ ഗുണഭോക്താക്കൾ;

(iii) പദ്ധതിയുടെ ധനാഗമമാർഗ്ഗങ്ങൾ;

(iv) പദ്ധതി നടപ്പാക്കുന്ന ഏജൻസിയോ ഏജൻസികളോ;

(v) സങ്കട നിവാരണം; കൂടാതെ

(vi) പ്രസക്തമായ മറ്റേതെങ്കിലും സംഗതി,

മുതലായവയുമായി ബന്ധപ്പെട്ട സംഗതികൾ ഉൾപ്പെടെ പദ്ധതിയുടെ കാര്യക്ഷമമായ നടപ്പാക്കലിന് ആവശ്യമായ അങ്ങനെയുള്ള സംഗതികൾക്കു വേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്.

## അദ്ധ്യായം III

## അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ദേശീയ സാമൂഹ്യസുരക്ഷിതത്വ ബോർഡ്

*ദേശീയ സാമൂഹ്യ സുരക്ഷിതത്വ ബോർഡ്.*

5. (1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ദേശീയ സാമൂഹ്യസുരക്ഷിതത്വ ബോർഡ് എന്നറിയപ്പെടുന്ന ഒരു ദേശീയ ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ദേശീയ ബോർഡ് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) കേന്ദ്ര തൊഴിലും നിയോജനവും മന്ത്രി, ചെയർപേഴ്സൺ, എക്സ് ഒഫീഷ്യോ;

(ഖ) ഡയറക്ടർ ജനറൽ (തൊഴിൽക്ഷേമം), മെമ്പർ സെക്രട്ടറി, എക്സ് ഒഫിഷ്യോ; കൂടാതെ

(ഗ) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട മുപ്പത്തിനാല് അംഗങ്ങൾ, അവരിൽ—

(i) അസംഘടിത മേഖലയിലെ തൊഴിലാളികളെ പ്രതിനിധീകരിച്ച് ഏഴുപേരും;

(ii) അസംഘടിത മേഖലയിലെ തൊഴിലുടമകളെ പ്രതിനിധീകരിച്ച് ഏഴുപേരും;

(iii) പൗരസമൂഹത്തിൽ നിന്നുള്ള ശ്രേഷ്ഠരായ വ്യക്തികളെ പ്രതിനിധാനംചെയ്യുന്ന ഏഴുപേരും;

(iv) ലോകസഭയിൽ നിന്നുള്ള അംഗങ്ങളെ പ്രതിനിധീകരിച്ച് രണ്ടുപേരും രാജ്യസഭയിൽനിന്ന് ഒരാളും;

(v) കേന്ദ്രസർക്കാരിന്റെ മന്ത്രാലയങ്ങളെയും ബന്ധപ്പെട്ട വകുപ്പുകളെയും പ്രതിനിധീകരിച്ച് അഞ്ചുപേരും;

(vi) സംസ്ഥാനസർക്കാരുകളെ പ്രതിനിധീകരിച്ച് അഞ്ചുപേരും,

ഉണ്ടായിരിക്കേണ്ടതാണ്.

(3) ബോർഡിന്റെ ചെയർപേഴ്സണും മറ്റ് അംഗങ്ങളും, തൊഴിൽ ക്ഷേമം, മാനേജ്മെന്റ്, ധനകാര്യം, നിയമം, ഭരണം എന്നീ മേഖലകളിൽ ശ്രേഷ്ഠരായ ആളുകൾക്കിടയിൽ നിന്നും ആയിരിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഓരോ വിഭാഗങ്ങളിൽ നിന്നും അംഗങ്ങളായി നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആളുകളുടെ എണ്ണവും അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മറ്റ് സേവനോപാധികളും അവരുടെ ചുമതലകൾ നിർവഹിക്കുന്നതിൽ പാലിക്കേണ്ടതായ നടപടിക്രമവും ദേശീയബോർഡിലെ അംഗങ്ങളുടെ ഇടയിൽ ഉള്ള ഒഴിവുകൾ നികത്തുന്ന രീതിയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ പട്ടികജാതിയിലും പട്ടികവർഗ്ഗങ്ങളിലും ന്യൂനപക്ഷങ്ങളിലും സ്ത്രീകളിലും പെട്ട ആളുകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം നൽകേണ്ടതാണ്.

(5) ദേശീയ ബോർഡിന്റെ കാലാവധി മൂന്നുവർഷമായിരിക്കേണ്ടതാണ്.

(6) ദേശീയ ബോർഡ് അങ്ങനെയുള്ള സമയത്തും സ്ഥലത്തും ഒരു വർഷം കുറഞ്ഞത് മൂന്നുതവണയെങ്കിലും സമ്മേളിക്കേണ്ടതും അതിന്റെ യോഗങ്ങളിൽ ബിസിനസ് നടത്തിപ്പുമായി ബന്ധപ്പെട്ട നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമത്തിന്റെ ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(7) ദേശീയ ബോർഡിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾ അംഗങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

(8) ദേശീയ ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) അസംഘടിത തൊഴിലാളികളുടെ വിവിധ വിഭാഗങ്ങൾക്കു വേണ്ടി അനുയോജ്യമായ പദ്ധതികൾ കേന്ദ്രസർക്കാരിന് ശിപാർശ ചെയ്യുക;

(ഖ) ഈ ആക്റ്റിന്റെ കാര്യനിർവ്വഹണത്തിൽ നിന്നും ഉത്ഭവിക്കുന്ന അതിന് റഫർ ചെയ്തേക്കാവുന്ന അങ്ങനെയുള്ള സംഗതികളിന്മേൽ കേന്ദ്രസർക്കാരിനെ ഉപദേശിക്കുക;

(ഗ) കേന്ദ്രസർക്കാർ കാര്യനിർവ്വഹണം നടത്തുന്ന അസംഘടിത തൊഴിലാളികൾക്കായുള്ള അത്തരം സാമൂഹ്യക്ഷേമ പദ്ധതികൾ നിരീക്ഷിക്കുക;

(ഘ) അസംഘടിത തൊഴിലാളികൾക്കുള്ള രജിസ്ട്രേഷന്റെയും തിരിച്ചറിയൽ കാർഡുകളുടെ നൽകലിന്റെയും പുരോഗതി പുനരവലോകനം ചെയ്യുക;

(ങ) സംസ്ഥാനതലത്തിൽ നിർവ്വഹിക്കുന്ന റിക്കാർഡ് സൂക്ഷിപ്പ് ചുമതലകൾ പുനരവലോകനം ചെയ്യുക;

(ച) വിവിധ പദ്ധതികളിൻകീഴിലെ നിധികളിൽ നിന്നുള്ള ചെലവ് പുനരവലോകനം ചെയ്യുക; കൂടാതെ

(ഛ) കേന്ദ്രസർക്കാർ, കാലാകാലങ്ങളിൽ അതിന് ഏൽപ്പിച്ചു കൊടുക്കുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ ഏറ്റെടുക്കുക.

അദ്ധ്യായം IV

## അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള സംസ്ഥാന സാമൂഹ്യസുരക്ഷിതത്വ ബോർഡ്

*സംസ്ഥാന സാമൂഹ്യ സുരക്ഷിതത്വ ബോർഡ്.* 6. (1) ഓരോ സംസ്ഥാനസർക്കാരും, വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി (സംസ്ഥാനത്തിന്റെ പേര്) സംസ്ഥാന സാമൂഹ്യസുരക്ഷിതത്വ ബോർഡ് എന്നറിയപ്പെടുന്ന ഒരു സംസ്ഥാന ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന ബോർഡ് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ തൊഴിലും നിയോജനവും മന്ത്രി — ചെയർപേഴ്സൺ എക്സ് ഒഫിഷ്യോ;

(ഖ) പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി (തൊഴിൽ) — മെമ്പർ സെക്രട്ടറി എക്സ് ഒഫിഷ്യോ;

(ഗ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഇരുപത്തിയെട്ട് അംഗങ്ങൾ, അവയിൽ—

(i) അസംഘടിത തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന ഏഴുപേരും;

(ii) അസംഘടിത തൊഴിലാളികളുടെ തൊഴിലുടമകളെ പ്രതിനിധാനം ചെയ്യുന്ന ഏഴുപേരും;

(iii) ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിയമസഭയിലെ അംഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന രണ്ടു പേരും;

(iv) പൗര സമൂഹത്തിൽനിന്നുള്ള ശ്രേഷ്ഠരായ വ്യക്തികളെ പ്രതിനിധാനം ചെയ്യുന്ന അഞ്ചു പേരും;

(vi) സംസ്ഥാനസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന ഏഴുപേരും,

ഉണ്ടായിരിക്കേണ്ടതാണ്.

(3) ബോർഡിന്റെ ചെയർപേഴ്സണും മറ്റ് അംഗങ്ങളും, തൊഴിൽ ക്ഷേമം, മാനേജ്മെന്റ്, ധനകാര്യം, നിയമം, ഭരണം എന്നീ മേഖലകളിൽ ശ്രേഷ്ഠരായ ആളുകൾക്കിടയിൽ നിന്നും ആയിരിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഓരോ വിഭാഗങ്ങളിൽ നിന്നും അംഗങ്ങളായി നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആളുകളുടെ എണ്ണവും അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മറ്റ് സേവനോപാധികളും അവരുടെ ചുമതലകൾ നിർവഹിക്കുന്നതിൽ പാലിക്കേണ്ടതായ നടപടിക്രമവും സംസ്ഥാനബോർഡിലെ അംഗങ്ങൾക്കിടയിൽ ഉള്ള ഒഴിവുകൾ നികത്തുന്ന രീതിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ പട്ടികജാതിയിലും പട്ടികവർഗ്ഗങ്ങളിലും ന്യൂനപക്ഷങ്ങളിലും സ്ത്രീകളിലുംപെട്ട ആളുകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം നൽകേണ്ടതാണ്.

(5) സംസ്ഥാന ബോർഡിന്റെ കാലാവധി മൂന്നുവർഷമായിരിക്കേണ്ട താണ്.

(6) സംസ്ഥാന ബോർഡ് ഏറ്റവും കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള സമയത്തും സ്ഥലത്തും സമ്മേളിക്കേണ്ടതും അതിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പുമായി ബന്ധപ്പെട്ട അങ്ങനെയുള്ള നടപടിക്രമത്തിന്റെ ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(7) സംസ്ഥാന ബോർഡിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾ അംഗങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

(8) സംസ്ഥാന ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വിവിധ വിഭാഗങ്ങൾക്കു വേണ്ടി അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് ശിപാർശ ചെയ്യുക;

(ഖ) ഈ ആക്റ്റിന്റെ കാര്യനിർവ്വഹണത്തിൽ നിന്നും ഉത്ഭവിക്കുന്ന അതിന് റഫർ ചെയ്തേക്കാവുന്ന അങ്ങനെയുള്ള സംഗതികളിന്മേൽ സംസ്ഥാനസർക്കാരിനെ ഉപദേശിക്കുക;

(ഗ) സംസ്ഥാനസർക്കാർ കാര്യനിർവ്വഹണം നടത്തുന്ന അസംഘടിത തൊഴിലാളികൾക്കായുള്ള അത്തരം സാമൂഹ്യക്ഷേമപദ്ധതികൾ നിരീക്ഷിക്കുക;

(ഘ) ജില്ലാതലത്തിൽ നിർവ്വഹിക്കുന്ന റിക്കാർഡ് സൂക്ഷിപ്പ് ചുമതലകൾ പുനരവലോകനം ചെയ്യുക;

(ങ) രജിസ്ട്രേഷന്റെയും അസംഘടിത തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡുകളുടെ നൽകലിന്റെയും പുരോഗതി പുനരവലോകനം ചെയ്യുക;

(ച) വിവിധ പദ്ധതികളിൻ കീഴിലെ നിധികളിൽ നിന്നുള്ള ചെലവ് പുനരവലോകനം ചെയ്യുക; കൂടാതെ

(ഛ) സംസ്ഥാനസർക്കാർ, കാലാകാലങ്ങളിൽ അതിന് ഏൽപ്പിച്ചു കൊടുക്കുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ ഏറ്റെടുക്കുക.

*സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ധന സഹായം നൽകുന്നത്.*

7. (1) സംസ്ഥാനസർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടുന്ന ഏതെങ്കിലും പദ്ധതി—

(i) സംസ്ഥാനസർക്കാർ മുഴുവനായും ധനസഹായം നൽകുന്നതോ; അല്ലെങ്കിൽ

(ii) ഭാഗികമായി സംസ്ഥാനസർക്കാർ ധനസഹായം നൽകുന്നതും സംസ്ഥാനസർക്കാരിനാൽ പദ്ധതിയിൽ നിർണ്ണയിക്കപ്പെടാവുന്ന പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നോ തൊഴിലുടമകളിൽ നിന്നോ സമാഹരിച്ച അംശദായങ്ങൾ മുഖേന ഭാഗികമായി ധനസഹായം ലഭിക്കുന്നതും, ആകാവുന്നതാണ്.

(2) സംസ്ഥാനസർക്കാരിന്, അത് രൂപവൽക്കരിക്കുന്ന പദ്ധതികൾക്കു വേണ്ടി കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തികസഹായം തേടാവുന്നതാണ്.

(3) കേന്ദ്രസർക്കാരിന്, അതിന് യുക്തമെന്നുകരുതുന്ന അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള നിബന്ധനകളിന്മേലും പദ്ധതികളുടെ ആവശ്യങ്ങൾക്കായി സംസ്ഥാനസർക്കാരുകൾക്ക് അങ്ങനെയുള്ള സാമ്പത്തിക സഹായം നൽകാവുന്നതാണ്.

*ജില്ലാ ഭരണകൂടത്തിന്റെ റിക്കാർഡ് സൂക്ഷിപ്പ്.*

8. ഈ ആക്റ്റിന്റെ ആവശ്യത്തിനായി റിക്കാർഡ് സൂക്ഷിപ്പ് ചുമതലകൾ ജില്ലാഭരണകൂടം നിർവ്വഹിക്കേണ്ടതാണ്:

എന്നാൽ സംസ്ഥാന സർക്കാരിന്—

(ക) ഗ്രാമപ്രദേശങ്ങളിൽ ജില്ലാപഞ്ചായത്തും;

(ഖ) നഗരപ്രദേശങ്ങളിൽ നഗര തദ്ദേശ നികായങ്ങളും, റിക്കാർഡ് സൂക്ഷിപ്പ് ചുമതല നിർവ്വഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

*തൊഴിലാളി സഹായ കേന്ദ്രങ്ങൾ.*

9. സംസ്ഥാനസർക്കാരിന് കാലാകാലങ്ങളിൽ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള തൊഴിലാളികളുടെ സഹായകേന്ദ്രങ്ങൾ ഏർപ്പെടുത്താവുന്നതാണ്, അതായത്:—

(ക) അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ലഭ്യമായ സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളിന്മേൽ അറിവ് പകരുക;

(ഖ) അസംഘടിതതൊഴിലാളികളുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷാഫാറങ്ങൾ പൂരിപ്പിക്കുകയും ചിട്ടപ്പെടുത്തുകയും അയയ്ക്കുകയും ചെയ്യുന്നത് സുകരമാക്കുക;

(ഗ) ജില്ലാ ഭരണകൂടത്തിൽ നിന്നും രജിസ്ട്രേഷൻ നേടുന്നതിന് അസംഘടിത തൊഴിലാളിയെ സഹായിക്കുക;

(ഘ) രജിസ്റ്റർ ചെയ്യപ്പെട്ട അസംഘടിത തൊഴിലാളികളെ സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളിൽ എൻറോൾ ചെയ്യുന്നതിന് സൗകര്യപ്പെടുത്തുക.

## അദ്ധ്യായം V

## രജിസ്ട്രേഷൻ

*രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹതയും സാമൂഹ്യ സുരക്ഷിതത്വ ആനുകൂല്യങ്ങളും.*

10. (1) ഓരോ അസംഘടിത തൊഴിലാളിക്കും താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നതിന് വിധേയമായി രജിസ്റ്റർ ചെയ്യപ്പെടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) അയാൾ അല്ലെങ്കിൽ അവൾ പതിനാല് വയസ്സ് പൂർത്തിയാക്കിയിരിക്കേണ്ടതും;

(ഖ) അയാളോ അല്ലെങ്കിൽ അവളോ ഒരു അസംഘടിത തൊഴിലാളിയാണെന്ന് സ്ഥിരീകരിച്ചുകൊണ്ട് അയാൾ അല്ലെങ്കിൽ അവൾ ഒരു സ്വയം പ്രഖ്യാപനം നടത്തിയിരിക്കേണ്ടതുമാണ്.

(2) അർഹതപ്പെട്ട ഓരോ അസംഘടിത തൊഴിലാളിയും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ രജിസ്ട്രേഷനുവേണ്ടി ജില്ലാഭരണകൂടത്തിന് ഒരു അപേക്ഷ നൽകേണ്ടതാണ്.

(3) ജില്ലാ ഭരണകൂടം, ഓരോ അസംഘടിത തൊഴിലാളിയെയും രജിസ്റ്റർ ചെയ്യേണ്ടതും ഒരു അതുല്യമായ തിരിച്ചറിയൽ നമ്പർ വഹിക്കുന്നതും കൊണ്ടുനടക്കാവുന്നതുമായ ഒരു സ്മാർട്ട് കാർഡ് ആയിട്ടുള്ള ഒരു തിരിച്ചറിയൽകാർഡ് നൽകേണ്ടതുമാണ്.

(4) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട അസംഘടിത തൊഴിലാളി ഒരു അംശദായം നൽകണമെന്ന് ഒരു പദ്ധതി ആവശ്യപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള അംശദായം അടയ്ക്കുന്നതിൻമേൽ മാത്രമേ പദ്ധതിയിൻ കീഴിൽ അയാൾക്കോ അല്ലെങ്കിൽ അവൾക്കോ സാമൂഹ്യസുരക്ഷിതത്വ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(5) കേന്ദ്രസർക്കാരോ അല്ലെങ്കിൽ സംസ്ഥാനസർക്കാരോ ഒരു അംശദായം നൽകണമെന്ന് ഒരു പദ്ധതി ആവശ്യപ്പെടുന്നിടത്ത്, കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ, അതതു സംഗതിപോലെ, പദ്ധതിക്കനുസൃതമായി ക്രമപ്രകാരം അംശദായം നൽകേണ്ടതാണ്.

## അദ്ധ്യായം VI

## പലവക

*നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.*

11. കേന്ദ്രസർക്കാരിന്—

(i) ദേശീയ ബോർഡിനോ; അല്ലെങ്കിൽ

(ii) ഒരു സംസ്ഥാനത്തിന്റെ സർക്കാരിനോ അല്ലെങ്കിൽ ആ സംസ്ഥാനത്തെ സംസ്ഥാനബോർഡിനോ,

ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സംഗതികളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

*ഒഴിവുകൾ മുതലായവ നടപടികളെ അസാധുവാക്കുന്നില്ലെന്ന്.*

12. ദേശീയ ബോർഡിന്റെയോ സംസ്ഥാന ബോർഡിന്റെയോ യാതൊരു നടപടികളും ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നുവെന്നോ ദേശീയ ബോർഡിന്റെയോ സംസ്ഥാനബോർഡിന്റെയോ, അതതു സംഗതി പോലെ, രൂപീകരണത്തിൽ അപാകതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.*

13. (1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്നവയിൽ എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നോ തൊഴിലുടമകളിൽനിന്നോ സമാഹരിക്കേണ്ട അംശദായങ്ങൾ;

(ഖ) 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ദേശീയ ബോർഡിന്റെ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആളുകളുടെ എണ്ണം, അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മറ്റ് സേവനോപാധികളും, ചുമതലകൾ നിർവ്വഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമവും ഒഴിവുകൾ നികത്തുന്ന രീതിയും;

(ഗ) 5-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം ദേശീയ ബോർഡിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ചട്ടങ്ങൾ;

(ഘ) 5-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ദേശീയ ബോർഡിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിനുള്ള ബത്തകൾ;

(ങ) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷനു വേണ്ടി നൽകേണ്ട ഒരു അപേക്ഷയുടെ ഫാറം; കൂടാതെ

(ച) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ളതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

*ചട്ടങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം.*

14. (1) സംസ്ഥാനസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്നവയിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ബോർഡിൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആളുകളുടെ എണ്ണം, അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മറ്റ് സേവനോപാധികളും ചുമതലകൾ നിർവ്വഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമവും ഒഴിവുകൾ നികത്തുന്ന രീതിയും;

(ഖ) 6-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ബോർഡിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമത്തിന്റെ ചട്ടങ്ങൾ;

(ഗ) 6-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ബോർഡിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിനുള്ള ബത്തകൾ;

(ഘ) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും അല്ലെങ്കിൽ തൊഴിലുടമകളിൽ നിന്നും സമാഹരിക്കേണ്ട അംശദായങ്ങൾ;

(ങ) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷനു വേണ്ടി അപേക്ഷ നൽകേണ്ടത് ഏത് ഫാറത്തിൽ ആയിരിക്കണമെന്ന്; കൂടാതെ

(ച) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി;

*ചട്ടങ്ങൾ വയ്ക്കണമെന്ന്.*

15. (1) കേന്ദ്രസർക്കാരിനാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ആയിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ, അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലയളവിലേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന് അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

(2) സംസ്ഥാനസർക്കാരിനാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ ചട്ടവും അത് വിജ്ഞാപനം ചെയ്ത ശേഷം ആകുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതാണ്.

*ചില നിയമങ്ങൾക്ക് സംരക്ഷണം.*

16. ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ഈ ആക്റ്റിനാലോ അതിൻകീഴിലോ അസംഘടിത തൊഴിലാളികൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ ഗുണകരമായ ക്ഷേമ പദ്ധതികൾ അവർക്കുവേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു സംസ്ഥാനത്തെ ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

*വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.*

17. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ, എന്തെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് വഴി, വിഷമത നീക്കം ചെയ്യുന്നതിന് അതിന് ആവശ്യമാണെന്ന് കാണുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടു വർഷക്കാലയളവിനു ശേഷം ഈ വകുപ്പു പ്രകാരമുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

പട്ടിക I

[വകുപ്പുകൾ 2(ഛ)യും 3-ഉം കാണുക]

## അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ

*ക്രമ നമ്പർ പദ്ധതിയുടെ പേര്*

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി.
2. ദേശീയ കുടുംബ ആനുകൂല്യ പദ്ധതി.
3. ജനനി സുരക്ഷ യോജന.
4. കൈത്തറി-നെയ്ത്തുകാരുടെ സമഗ്ര ക്ഷേമപദ്ധതി.
5. കരകൗശല ശിൽപികളുടെ സമഗ്ര ക്ഷേമ പദ്ധതി.
6. കരകൗശല നിപുണരായ വ്യക്തികളുടെ പെൻഷൻ.
7. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും പരിശീലനത്തിനും വികസനത്തിനുമുള്ള ദേശീയ പദ്ധതി.
8. ജനശ്രീ ബീമ യോജന.
9. ആം ആദ്മി ബീമ യോജന.
10. രാഷ്ട്രീയ സ്വാസ്ത്യ ബീമ യോജന.

## പട്ടിക II
[വകുപ്പുകൾ 2(ഡ) കാണുക]

| *ക്രമ നമ്പർ* | *ആക്റ്റിന്റെ പേര്* |
|---|---|
| 1. | തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ്, 1923 (8/1923) |
| 2. | വ്യാവസായികതർക്കങ്ങൾ ആക്റ്റ്, 1947 (14/1947) |
| 3. | ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ്, 1948 (34/1948) |
| 4. | ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റ്, 1952 (19/1952) |
| 5. | പ്രസവാനുകൂല്യ ആക്റ്റ്, 1961 (53/1961) |
| 6. | ഗ്രാറ്റുവിറ്റി കൊടുക്കൽ ആക്റ്റ്, 1972 (39/1972). |

# THE UNORGANISED WORKERS' SOCIAL SECURITY ACT, 2008

(ACT No. 33 OF 2008)

# അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ആക്റ്റ്, 2008

(2008-ലെ 33-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | | |
|---|---|---|---|---|
| 1. | Contribution | അംശദായം | .... | Sn. 13(2) |
| 2. | Disability cover | അവശതയ്ക്കായുള്ള പരിരക്ഷ | .... | Sn. 3(1)(a) |
| 3. | District administration | ജില്ലാ ഭരണകൂടം | .... | Sn. 2(c) |
| 4. | Employment injury benefit | തൊഴിൽക്ഷത ആനുകൂല്യം | .... | Sn. 3(4)(b) |
| 5. | Facilitation centres | സഹായ കേന്ദ്രങ്ങൾ | .... | Sn. 9 |
| 6. | Funding | ധനസഹായം നൽകൽ | .... | Sn. 4(1) |
| 7. | Handicraft artisan | കരകൗശല ശിൽപി | .... | Sch. I Sl. No. 5 |
| 8. | Home based worker | ഗൃഹാധിഷ്ഠിത തൊഴിലാളി | .... | Sn. 2(b) |
| 9. | Inputs | നിവേശങ്ങൾ | .... | Sn. 2(b) |
| 10. | Master crafts persons | കരകൗശല നിപുണരായ വ്യക്തികൾ | .... | Sch. I Sl. No. 6 |
| 11. | Processing | ചിട്ടപ്പെടുത്തുക | .... | Sn. 9(b) |
| 12. | Skill upgradation | നൈപുണ്യം ഉയർത്തൽ | .... | Sn. 3(4)(e) |
| 13. | Unique Identification Number | അതുല്യമായ തിരിച്ചറിയൽ നമ്പർ | .... | Sn. 10(3) |